**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 718** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്കർ സ്വാശ്രയ ഗ്രാമ വികസന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** അംബേദ്കർ സ്വാശ്രയ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നിയോജകമണ്ഡലത്തിൽ നിന്നും വർഷത്തിൽ എത്ര ഉന്നതികൾ തെരഞ്ഞെടുക്കുമെന്നും പരമാവധി എത്ര തുക അനുവദിക്കുമെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഒരു നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം പരമാവധി രണ്ടു ഗ്രാമങ്ങളെ വരെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഓരോ ഗ്രാമത്തിനും അനുവദിക്കുന്ന പരമാവധി തുക ഒരു കോടി രൂപയാണ്.

**(ബി)** ഉന്നതി തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ ഗ്രാമങ്ങൾ ആയിരിക്കണം ടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. കുടുംബങ്ങളുടെ എണ്ണം 25-ൽ കുറവുള്ള ഗ്രാമങ്ങൾ/നഗറുകൾ ഉൾപ്പെടുത്തേണ്ടുന്ന സാഹചര്യത്തിൽ അതേ വാർഡിലെയോ തൊട്ടടുത്ത വാർഡിലെയോ ഭൂമിശാസ്ത്രപരമായി ചേർക്കാവുന്ന ഒരു നഗറിനെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 25 കുടുംബങ്ങളുടെ ക്ലസ്റ്ററുകളായി പദ്ധതി നടപ്പിലാക്കാവുന്നതും പരമാവധി 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതുമാണ്. ഇത്തരത്തിൽ നിർദ്ദേശിക്കപ്പെടുന്ന നഗറുകളിലെ ഗുണഭോക്താക്കളുടെ എണ്ണം 25-ൽ കുറവും ക്ലസ്റ്ററായി നടപ്പിലാക്കാനും കഴിയാത്ത സാഹചര്യമാണെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്ത് DPR തയ്യാറാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനായി കുടുംബങ്ങളുടെ എണ്ണം 20-24 വരെയാണെങ്കിൽ 75 ലക്ഷം രൂപയും 15-19 വരെയാണെങ്കിൽ 50 ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണ്.

**(സി)** കുട്ടനാട് നിയോജക മണ്ഡലത്തിൽ 2026-27 വർഷത്തേക്ക് ടി പദ്ധതിയിലുൾപ്പെടുത്താൻ ഏതെല്ലാം ഉന്നതികൾ ശിപാർശ ചെയ്തിട്ടുണ്ട്; ശിപാർശ ചെയ്യപ്പെട്ട് കഴിഞ്ഞാൽ എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പിൽ വരുത്തുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2026-27 വർഷത്തെ ഉന്നതികൾ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. അംഗീകൃത സർക്കാർ/സർക്കാർ ഇതര

അക്രഡിറ്റഡ് ഏജൻസികൾ എന്നിവയിൽ നിന്നും ഉചിതമായ ഒരു ഏജൻസിയെയോ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തെയോ പദ്ധതിയുടെ നിർവഹണ ഏജൻസിയായി MLA -യുടെ ശുപാർശ പ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്. അംബേദ്ക്കർ ഗ്രാമം പദ്ധതിക്ക് അംഗീകാരം ലഭിച്ച ശേഷം എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപന അധ്യക്ഷൻ, ബ്ലോക്ക്/ഗ്രാമ/നഗര സഭകളിലെ വാർഡ്/ഡിവിഷൻ അംഗങ്ങൾ, പട്ടികജാതി വികസന ഓഫീസർ, ഏജൻസി പ്രതിനിധി, ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ അംബേദ്കർ ഗ്രാമത്തിലെ കുടുംബങ്ങളുടെ യോഗം സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമ തല മോണിറ്ററിങ് കമ്മറ്റി കൂടി കരട് നിർദ്ദേശങ്ങൾ പ്രാഥമിക പരിശോധിച്ച ശേഷം മുൻഗണന ക്രമം നിശ്ചയിച്ച ഏജൻസിക്ക് കൈമാറേണ്ടതാണ്. മോണിറ്ററിങ് കമ്മറ്റി യോഗ തീരുമാനം അനുസരിച്ച് ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടിക ജാതി വികസന ഓഫീസർക്ക് നൽകേണ്ടതും മോണിറ്ററിങ് കമ്മറ്റി യുടെ അംഗീകാരത്തോടെ എസ്റ്റിമേറ്റ് പരിശോധിക്കുന്നതിനായി ജില്ലാതലത്തിൽ ടെക്നിക്കൽ കമ്മറ്റിക്ക് (DLTC) സമർപ്പിക്കുകയും ചെയ്യുന്നു. ജില്ലാതല ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച എസ്റ്റിമേറ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഭരണാനുമതിക്കായി ജില്ലാ കളക്ടർക്കു സമർപ്പിക്കുന്നു. ഭരണാനുമതി ലഭ്യമായ ശേഷം ഏജൻസിയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ വെച്ച ശേഷം ഏജൻസി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**